©
Government of Kerala
കേരള സർക്കാർ
2006

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LI<br>വാല്യം 51 | Thiruvananthapuram,<br>Wednesday | 30th August 2006<br>2006 ആഗസ്റ്റ് 30 | No.<br>നമ്പർ | 1429 |
| | തിരുവനന്തപുരം,<br>ബുധൻ | 8th Bhadra 1928<br>1928 ഭാദ്രം 8 | | |

## കേരള സർക്കാർ

### തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 52/2006/തൊഴിൽ. തിരുവനന്തപുരം, 2006 ആഗസ്റ്റ് 11.

**എസ്. ആർ. ഒ. നമ്പർ 658/2006.**—1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (പി) 56/99/തൊഴിൽ എന്ന വിജ്ഞാപന പ്രകാരം എസ്. ആർ. ഒ. 386/99 ആയി 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള കരട് പദ്ധതി 2005 ജനുവരി 25-ാം തീയതിയിലെ 160-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2005 ജനുവരി 19-ാം തീയതിയിലെ ജി. ഒ. (പി) 8/2005/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി കേരള സർക്കാർ ഇതിനാൽ ഭേദഗതി ചെയ്ത് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2006-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽവരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയുടെ 8-ാം ഖണ്ഡികയിൽ,—

(1) 2-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

(2) നിലവിലുള്ള "(3), (4), (5)" എന്നീ അക്കങ്ങൾക്കു പകരം യഥാക്രമം "(2), (3), (4)" എന്നീ അക്കങ്ങൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി 8-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയിൽ ടി പദ്ധതി പ്രകാരം ഗുണഭോക്താക്കളാകേണ്ടവരുടെ രജിസ്ട്രേഷൻ കാലാവധി പദ്ധതി പ്രാബല്യത്തിൽവന്ന തീയതി മുതൽ 12 മാസത്തേക്കായി നിജപ്പെടുത്തിയിരുന്നു. സ്കാറ്റേർഡ് വിഭാഗം പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി 26(എ) കാർഡ് ലഭിച്ചിട്ടുള്ളതും സംസ്ഥാനത്തൊട്ടാകെ കയറ്റിറക്ക് ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളികളെയും സമയ പരിധി നിശ്ചയിക്കാതെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിന് അനുവാദം നൽകാൻ സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2006.